(ബി) ഇല്ല. പഞ്ചായത്ത് മെമ്പർ പൊന്നയ്യായുടെ മൊഴിപ്രകാരം ഒരു കേസ് നമ്പർ 1/79 ആയി ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു.

(സി) ഉദിക്കുന്നില്ല.

കുടിയിറക്കാൻ ശ്രമിച്ചതായി പരാതി

1111 [1776] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട്ടിൽ അരണക്കല്ല് പുതുവലിൽ കഴിഞ്ഞ 45 വർഷക്കാലമായി കൈവശമിരിക്കുന്ന ഭൂമിയിൽനിന്നും പാവപ്പെട്ട ഒരു കുടുംബത്തെ ഇറക്കിവിടാൻ ശ്രമിച്ചതായും അതിലെ മരങ്ങൾ ചില പ്രമാണികൾ വെട്ടിനശിപ്പിച്ചതായുമുള്ള ഏതെങ്കിലും പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്.

ആർ. ടി. ഒ. ഓഫീസിലുള്ള ആളുകളുടെ പേരിലുള്ള കേസുകൾ

1112 [1777] ശ്രീ. ഒറി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധനവകുപ്പ് ആർ. ടി. ഒ. ഓഫീസിൽ ജോലി നോക്കുന്ന ആളുകളുടെ പേരിൽ 1970 മുതൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം തെളിയിക്കപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) അഴിമതിനിരോധനവകുപ്പ് 1970 മുതൽ ആർ. ടി. ഒ. ഓഫീസുകളിൽ ജോലിനോക്കുന്ന ആളുകളുടെ പേരിൽ മൂന്ന് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും 38 അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ മൂന്ന് ക്രൈം കേസുകളും 9 അന്വേഷണങ്ങളും തെളിയിക്കപ്പെട്ടിട്ടുണ്ട്.

പോലീസ് അതിക്രമങ്ങൾ നടത്തുന്നതായി പരാതി

1113 [1778] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് പോലീസ് അതിരുകടന്ന് പ്രവർത്തിച്ചതായി എവിടെനിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) കോട്ടയം, നെടുമങ്ങാട്, മുണ്ടക്കയം, മേലോരം, മൂന്നാർ ശാന്തൻപാറ, തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് നടത്തിയ പ്രവൃത്തികളും ഇതിൽപ്പെടുമോ;

(സി) കോട്ടയത്തുനടന്ന ഓട്ടോറിക്ഷാ തൊഴിലാളികളുടെ പ്രകടനത്തെ പോലീസ് ബലം പ്രയോഗിച്ച് പിരിച്ചുവിട്ടു എന്ന് പറയുന്നത് ശരിയാണോ;

(ഡി) ഓട്ടോറിക്ഷ പോലീസ് തല്ലിത്തകർത്തതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly